DESPATCHED
On....22/2/2020
1/1/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ AP. 1019*(2)/2019*/*എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 7521/*എസ്.ഐ.സി-ജി 6/2019*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.പ്രഭാകരൻ C/o കുഞ്ഞുണ്ണി
'തേരിവിള വീട്',കാക്കാമൂല, കല്ലിയൂർ.പി.ഒ
നേമം (വഴി) തിരുവനന്തപുരം-695 042
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഡി.ജി.എം(കോർപ്പറേറ്റ് ലീഗൽ)ആന്റ് കമ്പനി സെക്രട്ടറി
കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ലിമിറ്റഡ്
കെൽട്രോൺ ഹൗസ്, വെള്ളയമ്പലം, തിരുവനന്തപുരം-695033

2. അപ്പീൽ അധികാരി & മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ലിമിറ്റഡ്
കെൽട്രോൺ ഹൗസ്, വെള്ളയമ്പലം, തിരുവനന്തപുരം-695033

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.02.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.02.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 30.3.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06.05.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.05.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ഇനം 1–ൽ KSEDC/15/R, KCCL/15/R എന്നീ പോസ്റ്റുകളിലേക്ക് 08.11.2015 ലേക്ക് പരീക്ഷ എഴുതിയ എത്ര പേരെ ജോലിക്ക് എടുത്തിട്ടുണ്ടെന്നും ഇനം 2–ൽ KSEDC/15/R, KCCL/15/R എന്നീ പോസ്റ്റുകളിൽ എഞ്ചിനീയർ ട്രെയിനി ആയി താത്ക്കാലിക ജീവനക്കാരായി എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്നും അതിൽ ഒരു വർഷത്തിൽ കൂടതൽ ജോലിചെയ്യുന്ന എത്ര പേരാണുള്ളതെന്നും, ഇനം 3–ൽ താത്ക്കാലിക ജീവനക്കാരെ സ്ഥിരം ജീവനക്കാരാക്കാൻ കെൽട്രോൺ യൂണിയൻ കൊടുത്ത കേസിന്റെ നമ്പറും, തിയതിയും അതിന്റെ വിധിപകർപ്പിന്റെ കോപ്പിയും ആണ്.
3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 28.02.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം നമ്പർ 1,2 ഇവയ്ക്ക് കോഡ് നമ്പർ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറുപടി നൽകാൻ സാധിക്കില്ലെന്നും, ഇനം 3 ന് ചോദ്യത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഒരു കേസ് ഉള്ളതായി പൊതുവിവരാവകാശ ഓഫീസർക്ക് അറിവില്ലെന്നുമാണ്.
4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 07.03.2019–ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ കോഡ് നമ്പർ രേഖപ്പെടുത്തിയില്ലെങ്കിലും, പോസ്റ്റിന്റെ KSEDC/15/R, KCCL/15/R എന്നീ പേരിൽ 08.11.2015 ൽ ഒരു റിട്ടൺ ടെസ്റ്റും നടന്നിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും നൽകാത്തതെന്തു കൊണ്ടാണെന്നും ഇനം 3 ലെ ചോദ്യത്തിന് ഓഫീസുമായി ബന്ധപ്പെട്ടാൽ വിവരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും ആണ്.
5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 30.03.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം നമ്പർ 1,2 ന് 2015 ൽ അപേക്ഷ ക്ഷണിച്ച കോഡുകളിൽ KSEDC/15/R, KCCL/15/R എന്നിവയിൽ ആരംഭിക്കുന്ന ഒന്നിലധികം കോഡുകൾ ഉള്ളതിനാൽ പൊതുവിവരാവകാശ ഓഫീസറുടെ മറുപടിയിൽ

അപാകതയില്ലെന്നും ഇനം 3 ന് ചോദ്യത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഒരു കേസ് ഉള്ളതായി അറിവില്ലെന്നും മറ്റുമാണ്.

6. കമ്മീഷൻ മുമ്പാകെ ഹിയറിംഗിന് ഇരു കക്ഷികളും ഹാജരായി. ഹർജിക്കാരൻ നൽകിയ അപേക്ഷയിൽ 2015 ൽ അപേക്ഷ ക്ഷണിച്ച KSEDC/15/R, KCCL/15/R എന്നീ കോഡുകളിൽ ആരംഭിക്കുന്ന ഒന്നിലധികം കോഡുകൾ ഉള്ളതിനാൽ കൃത്യമായ പോസ്റ്റ് കോഡ് കാണിച്ച് അപേക്ഷ നൽകിയാൽ മറുപടി നൽകാമെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എതിർകക്ഷിയുടെ മൊഴി അംഗീകരിച്ചു കൊണ്ടു കമ്മീഷൻ ഹർജിക്കാരനോട് കൃത്യമായി പോസ്റ്റ് കോഡ് രേഖപ്പെടുത്തി അപേക്ഷ നൽകാൻ നിർദ്ദേശിച്ചു.

7. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

res

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)